"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത് ട്രാപ് കേസ് നം.VC 05/2022/TVM - കുറ്റാരോപിതനായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയിരുന്ന ശ്രീ.ശ്രീകുമാരൻ.സി-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2089/2025/LSGD തീയതി,തിരുവനന്തപുരം, 23-08-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.10.2024 തീയതിയിലെ C7-(VC 05/2022/TVM) 19645/2022/DVACB നമ്പർ കത്ത്.
2. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ശ്രീകുമാരൻ.സി-യ്ക്ക് നൽകിയ 04.12.2024 തീയതിയിലെ ഇയു2/108/2023-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. ശ്രീ.ശ്രീകുമാരൻ.സി സമർപ്പിച്ച 26.12.2024 തീയതിയിലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 01.08.2025 തീയതിയിലെ LSGD/PD/14845/2023-VIGA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം കോർപറേഷൻ പരിധിയിലെ വഴുതക്കാട് ജംഗ്ഷനു സമീപം "ഡാനിസ് ബസാർ" എന്ന പേരിൽ തുടങ്ങിയ കടയുടെ ലൈസൻസ് ആവശ്യത്തിലേക്ക് തിരുവനന്തപുരം കോർപ്പറേഷൻ കീഴിലുള്ള ജഗതി ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിൽ ഹാജരായി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയ ശ്രീ.ശ്രീകുമാരനെ സമീപിച്ചപ്പോൾ കോർപ്പറേഷനിൽ 1,000/- രൂപ അടക്കണമെന്നും ലൈസൻസ് അനുവദിക്കുന്നതിന് 2,000/- രൂപ കൈക്കൂലിയും ആവശ്യപ്പെട്ടു എന്ന പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വി.സി-05/2022/ടി. വി.എം. നമ്പർ ട്രാപ്പ് കേസ് രജിസറ്റർ ചെയ്യുകയും കൈക്കൂലി വാങ്ങിയ്ക്കുന്നതിനിടയിൽ ടിയാനെ ട്രാപ് കേസിൽ 07/06/2022 തീയതി അറസ്റ്റ് ചെയ്യുകയും 07/06/2022 അപരാഹ്നം മുതൽ സേവനത്തിൽനിന്നും സസ്പെന്റ് ചെയ്യുകകയും ചെയ്തിരുന്നു.

2.മേൽ വിഷയത്തിൽ ശ്രീ.ശ്രീകുമാരൻ.സി-യ്ക്കതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയുണ്ടായി. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച പരാമർശം (3) പ്രതിവാദ പത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ശ്രീ.ശ്രീകുമാരൻ.സി സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ തൃപ്തികരമല്ലെന്ന്

കാണുന്നതിനാൽ, ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകുണ്ടേതും KCS (CC&A) Rule ചട്ടത്തിലെ 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതുമുണ്ടെന്ന് കാണുന്നു.

3. മേൽ സാഹചര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നംവി.സി-05/2022/ടി.വി.എം.-ലെ കുറ്റാരോപിതനായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയിരുന്ന ശ്രീ.ശ്രീകുമാരൻ.സി-യ്ക്കതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം, ടിയാൾക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4. തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ ടി വിഷയത്തിൽ അന്വേഷണം നടത്തി ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജോയിന്റ് ഡയറക്ടർ , തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ശ്രീ.ശ്രീകുമാരൻ.സി , മുൻ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു2/108/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 23-08-2025 14:44:44
സെക്ഷൻ ഓഫീസർ